(ബി) ഉണ്ടെങ്കിൽ ഏത് വിഷയങ്ങളെ സംബന്ധിച്ചാണ് അന്വേഷണം നടന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കൗൺസിലിലോ, ശാസ്ത്ര സാങ്കേതിക വകുപ്പിലോ വിജിലൻസ് ഉദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തിയോ എന്നും ഏതെങ്കിലും ഫയലുകൾ അന്വേഷണത്തിനായി കൊണ്ടുപോയിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം.

(എ & ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഴിമതി ആരോപണം സംബന്ധിച്ചും, ഇല്ലാത്ത തസ്തികകളിൽ ചട്ടവിരുദ്ധമായി നിയമനം നടത്തുന്നു, താൽക്കാലികമായി ജോലി നോക്കിവരുന്നവരെ യാതൊരു മാനദണ്ഡവും പാലിക്കാതെ സ്ഥിരപ്പെടുത്തുന്നു തുടങ്ങിയ ആരോപണങ്ങൾ സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷനൻ ബ്യൂറോ കൃ.വി. 20/14/എസ്.ഐ.യു.-II നമ്പരായി സത്വരാന്വേഷണം നടത്തിവരുന്നു. കൂടാതെ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ 2012-2014 കാലയളവിലെ നിയമനങ്ങളുമായി ബന്ധപ്പെട്ടും, പരസ്യം നൽകിയതുമായി ബന്ധപ്പെട്ടുമുള്ള ആരോപണങ്ങളിന്മേൽ നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വി.സി. 7/2015/എസ്.ഐ.യു.-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) വിജിലൻസ് കേസിന്റെ (വി.സി. 7/15/എസ്.ഐ.യു.-II) അന്വേഷണാർത്ഥം തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അന്വേഷണാവശ്യത്തിന് 29 ഫയലുകൾ/രജിസ്റ്ററുകൾ ബന്ധവസ്സിൽ എടുത്തിട്ടുണ്ട്. കൃ.വി. 20/14/എസ്.ഐ.യു.-II മായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. അന്വേഷണാർത്ഥം ഫയലുകളൊന്നും എടുത്തിട്ടില്ല.

ഡിവൈ.എസ്.പി. -ക്കെതിരായ പരാതി

229 (1973) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഡി.വൈ.എസ്.പി.യായിരുന്ന ശ്രീ. ജയ്സൺ എബ്രഹാം നാദാപുരം പാറക്കടവ് പീഡനക്കേസിൽ ഇടപെട്ടത് സംബന്ധിച്ച് നൽകിയ പരാതിയിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പരാതി സംബന്ധമായി അന്വേഷണം നടത്തിയത് ഏത് ഉദ്യോഗസ്ഥനാണെന്ന് വിശദമാക്കാമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താമരശ്ശേരി ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. ജയ്സൺ എബ്രഹാം നാദാപുരം പാറക്കടവ് പീഡനക്കേസിന്റെ അന്വേഷണത്തിൽ (വളയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 512/2014) ഇടപെട്ടു എന്നത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിനായി നാദാപുരം ഡി.വൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയുണ്ടായി. 12-11-2014-ാം തീയതി നാദാപുരം ഡി.വൈ.എസ്.പി.-യുടെ അഭാവത്തിൽ താമരശ്ശേരി ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. ജയ്സൺ എബ്രഹാം, ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥനെ സഹായിക്കാനായി നാദാപുരം ഇൻസ്പെക്ടറുടെ ഓഫീസ് സന്ദർശിച്ചിട്ടുള്ളതായും എന്നാൽ ടി കേസിൽ ആരെയെങ്കിലും പ്രതിയാക്കാൻ യാതൊരു വിധത്തിലും ടിയാൻ ഇടപെട്ടിട്ടില്ലെന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. ആയതിനാൽ താമരശ്ശേരി ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. ജെയ്സൺ കെ. എബ്രഹാം ഈ കേസിൽ ഇടപെട്ടു എന്ന ആരോപണത്തിന്മേൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

(ബി) നാദാപുരം ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. പ്രജീഷ് തോട്ടത്തിൽ ആണ് അന്വേഷണം നടത്തിയത്.

ബാർ കോഴ കേസ് വിജിലൻസ് കോടതി ഉത്തരവിനെതിരെ അപ്പീൽ

230 (1974) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ തുടരന്വേഷണം നടത്തുവാൻ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 29-10-2015-ലെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ വിജിലൻസ് അപ്പീലിന് പോകുന്നതിന് ആരുടെ അനുമതി വാങ്ങിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, നിയമമന്ത്രി, നിയമ വകുപ്പ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പു സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ അനുമതി വാങ്ങിച്ചതിനുശേഷമാണോ വിജിലൻസ് ഹൈക്കോടതിയിൽ അപ്പീലിന് പോയത് എന്ന് വ്യക്തമാക്കുമോ;